പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4194 — 25.06.2014 ന് മറുപടിയ്ക്ക്

# ഐ.ടി.ഐ കൾക്ക് അന്താരാഷ്ട്ര നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . പി.സി. വിഷ്ണുനാഥ് :<br>ശ്രീ . സി.പി. മുഹമ്മദ് :<br>ശ്രീ . പി.എ. മാധവൻ :<br>ശ്രീ . അൻവർ സാദത്ത് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് വഴി സംസ്ഥാനത്തെ ഐ.ടി.ഐ കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതി രൂപീകരി ച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) വഴി സംസ്ഥാനത്തെ ഐ.ടി.ഐ കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ കളുടെ നവീകരണ ത്തിനും നിലവാരം ഉയർത്തുന്നതിനും തിരഞ്ഞെടുത്ത ഐ.ടി. ഐ കളിൽ ISO സർട്ടിഫിക്കേഷൻ നൽകാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നൈപുണ്യം പദ്ധതിയുടെ ഭാഗമായി ഐ.ടി.ഐ – കളിൽ നൂതന സാങ്കേതിക പരിശീലനങ്ങൾ പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശ ങ്ങൾ എന്തെല്ലാം; | (ബി) നിലവിലുള്ള ഐ.ടി.ഐ കളുടെ നിലവാരം ഉയർത്തുന്നത് വഴി മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന പരിശീലനങ്ങൾ നൽകി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക എന്നതാണ് പ്രസ്തുത സ്ഥാപനം ലക്ഷ്യമിടുന്നത്. |
| (സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പദ്ധതി നടത്തിപ്പുമായി സഹകരിച്ചി ട്ടുള്ളത് ; | (സി) 2014 ജനുവരിയിൽ നടന്ന നൈപുണ്യം ഉച്ചകോടി യുടെ ഭാഗമായി പ്രസ്തുത മേഖലകളിൽ ലഭ്യമായ Expression of Interest (EoI) കളുടെ സൂക്ഷ്മ പരിശോധനകളുടെ അവസാനഘട്ട നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടി സ്വീകരിച്ചി ട്ടുണ്ട്? | (ഡി) സംസ്ഥാനത്തെ ഐ.ടി.ഐ കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ